**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1976** 07.12.2015 ന് **മറുപടിയ്ക്ക്**

**ലഹരി വസ്തുക്കൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ചിറയം ഗോപകുമാർ :** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) ലഹരി വസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽകരണം നടത്തുന്നതിനായി എക്സൈസ് വകുപ്പിന് എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളത് എന്നറിയിക്കുമോ ; | (എ) ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധങ്ങളായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവത്ക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണം, കോളനികൾ കേന്ദ്രീകരിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവത്ക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി വഴിയുള്ള ബോധവത്ക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവത്ക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്ക്കരണം, മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ദൂഷ്യവശങ്ങളെക്കുറിച്ചു ബോധവത്ക്കരണ സന്ദേശങ്ങൾ അടങ്ങിയ പാഠഭാഗം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി-യുമായി ചേർന്ന് അദ്ധ്യാപകർക്ക് വേണ്ടി **"അതിജീവനം"** എന്ന് മലയാളത്തിലും, "Survival" എന്ന് ഇംഗ്ലീഷിലും കൈപ്പുസ്തകം തയ്യാറാക്കി പരിശീലനം നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്ക്കരണ |

പരിശീലന ക്ലാസ്സ് തുടങ്ങിയ പരിപാടികളാണ് ഇതിനോട നുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ലഹരിയ്ക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി.സിയുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം മാറ്റിവച്ച തുക വിനിയോഗിച്ച് ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ പുനർജനി-2030 നോടനുബന്ധിച്ച് കെ.എസ്.ബി. സി.യിലൂടെ വില്പന നടത്തുന്ന വിദേശമദ്യ വില്പന നികുതിയിന്മേൽ 5% സെസ്സ് ഈടാക്കി ടി തുക ഉപയോഗിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മദ്യവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗി ക്കുന്നത് മൂലമുണ്ടാകുന്ന ആരോഗ്യ-സാമ്പത്തിക പ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം, സർക്കാർ ഇതര സാമൂഹ്യ സംഘടനകളുടെ സഹായത്തോടെയുള്ള ബോധവത്ക്കരണം നടത്തുന്നതിനുള്ള സാധ്യതാപഠനവും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയായിരുന്ന ഡോ.കെ.വിജയകുമാറിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയള വിൽ ലഹരിവിരുദ്ധ അനുബന്ധ പ്രവർത്തനങ്ങൾ ക്കായി വകുപ്പ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച ജില്ലാടിസ്ഥാന ത്തിലുള്ള വാർഷിക കണക്കു കൾ ലഭ്യമാക്കുമോ ?

(ബി) വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതി നായി എക്സൈസ് വകുപ്പിൽ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ബോധവത്ക്കരണ വിഭാഗം പ്രവർത്തിച്ച വരുന്നുണ്ട്. ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക സംസ്ഥാനതലത്തിൽ വിവിധ പ്രചാരണ പരിപാടികൾക്കായി അനുവദിക്കുന്നതോടൊപ്പം ജില്ലാതലത്തിലും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക പൊതുവായി അനുവദിച്ച നൽകുകയാണ് ചെയ്യുന്നത്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ടി തുക ഇനം തിരിച്ചല്ല അനുവദിച്ച നൽകുന്നത്. ഈ സർക്കാർ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖാന്തരം ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നം | സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2011-12 | 1,20,00,000/- | 1,19,27,247/- |
| 2 | 2012-13 | 90,00,000/- | 89,41,085/- |
| 3 | 2013-14 | 75,20,000/- | 73,38,852/- |
| 4 | 2014-15 | 60,00,000/- | 60,00,000/- |

| | | | |
|---|---|---|---|
| 5 | 2015-16 | 80,00,000/- | 37,20,273/- |
| | **ആകെ** | **4,25,20,000/-** | **3,79,27,457/-** |

മേൽ അനുവദിച്ച തുകയിൽ നിന്നും ജില്ലാതലത്തിൽ മാത്രമായി ചെലവഴിച്ച തുകയുടെ വിവരം

| **ക്രമ നം.** | **ജില്ല** | **ചെലവഴിച്ച തുക** | | | |
|---|---|---|---|---|---|
| | | **2011-12** | **2012-13** | **2013-14** | **2014-15** |
| 1 | Thiruvananthapuram | 1,77,500 | 2,42,019 | 2,13,000 | 31,5000 |
| 2 | Kollam | 1,77,500 | 1,90,934 | 25000 | 110000 |
| 3 | Pathanamthitta | 1,77,500 | 1,20,000 | 25000 | 110000 |
| 4 | Alappuzha | 1,77,500 | 1,21,978 | 25000 | 110000 |
| 5 | Kottayam | 1,77,500 | 2,38,950 | 25000 | 110000 |
| 6 | Idukki | 1,77,500 | 2,13,185 | 25000 | 210000 |
| 7 | Ernakulam | 1,77,500 | 302039 | 25000 | 125000 |
| 8 | Thrissur | 1,77,500 | 2,62,099 | 2,76,663 | 170000 |
| 9 | Palakkad | 1,77,500 | 1,17,000 | 25000 | 210000 |
| 10 | Malppuram | 1,77,500 | 2,34,394 | 25000 | 110000 |
| 11 | Kozhikode | 1,77,500 | 1,57,238 | 75000 | 130000 |
| 12 | Wayanad | 1,77,500 | 1,14,660 | 25000 | 210000 |
| 13 | Kannur | 1,77,500 | 2,84,134 | 25000 | 110000 |
| 14 | Kasargod | 1,77,500 | 1,44,409 | 25000 | 110000 |
| | **Total** | **24,85,000** | **27,43,039** | **8,39,663** | **21,40,000** |

**സെക്ഷൻ ഓഫീസർ**